“ഭരണഭാഷ-മാതൃഭാഷ”

# വ്യാവസായിക പരിശീലന വകുപ്പ്

**(കേരള സംസ്ഥാനം)**

KSHB Building,ശാന്തി നഗർ, തിരുവനന്തപുരം-1.

## ട്രെയിനിംഗ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ: എ.ഷൈനാമോൾ.ഐ.എ.എസ്)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജീവനക്കാര്യം - ട്രേഡ് മാറി നിൽക്കുന്ന ഉദ്യോഗസ്ഥരെ തിരികെ സ്വന്തം ട്രേഡിൽ നിയമിക്കുന്നത് സംബന്ധിച്ച്

പരാമർശം:-
1) 24.01.2015 തീയതിയിലെ എ2/387/02 നമ്പരായ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ്
2) ശ്രീ.ബിനുമോൻ.വി.വി., (എ.സി.ഡി. ഇൻസ്ട്രക്ടർ)യുടെ 27.01.15-ലെ അപേക്ഷ
3) ശ്രീമതി.എം.ബി.സുജയകുമാരിയുടെ(എ.സി.ഡി. ഇൻസ്ട്രക്ടർ) 28.01.15 തീയതിയിലെ അപേക്ഷ
4) ശ്രീമതി.ടി.യു.ശാന്ത സീനിയർ ഇൻസ്ട്രക്ടറുടെ 27.01.15 തീയതി യിലെ അപേക്ഷ
5) ശ്രീമതി.ശർമ്മിള ലാലി.എസ്.ബി 29.01.2015-ൽ നൽകിയ അപേക്ഷ

## ഉത്തരവ് നമ്പർ: എ2/387/2002 തീയതി:30.01.2015

വ്യാവസായിക പരിശീലന വകുപ്പിൽ എം.ആർ.റ്റി.വി/ഇ-മെക്ക്/എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തികകളിൽ സേവനത്തിലുണ്ടായിരുന്ന ഇൻസ്ട്രക്ടർമാരെ അവരുടെ സ്വന്തം ട്രേഡിലേയ്ക്ക് മാറ്റി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എ.സി.ഡി. ഇൻസ്ട്രക്ടർ തസ്തികയിലേക്ക് നൽകിയ ഉദ്യോഗക്കയറ്റം മാറ്റി നിശ്ചയിച്ചും അതോടൊപ്പം ഉത്തരവ് നൽകിയിരുന്നു. ജീവനക്കാർക്ക് സ്ഥലംമാറ്റം ഉൾപ്പടെ നൽകിയതിനാൽ ഈ നിയമനം ഒഴിവാക്കി നൽകാൻ പരാമർശം (2) മുതൽ (5) വരെ ജീവനക്കാർ അപേക്ഷിച്ചിരിക്കുന്നു. പ്രസ്തുത അപേക്ഷകൾ പരിശോധിച്ചതിൽ ഉത്തരവിൽ പ്രഥമ ദൃഷ്ട്യാ അപാകത ഉള്ളതായും പരാതി ന്യായമാണെന്നും കാണുന്നു.

ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമുള്ളതാകുന്നു. ജീവനക്കാരുടെ നിലവിലുള്ള അവസ്ഥ ബോധ്യപ്പെട്ടതിനാൽ പരാമർശം (1)ലെ ഉത്തരവ് താൽക്കാലികമായി റദ്ദ് ചെയ്ത് ഉത്തരവാകുന്നു. ജീവനക്കാരുടെ യോഗ്യത, നിലവിലുള്ള സ്പെഷ്യൽ റൂൾ, അർഹത എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയ്ക്ക് ശേഷം അന്തിമ തീരുമാനം

ഉണ്ടാകുന്നതുവരെ പ്രസ്തുത ഉത്തരവ് താത്കാലികമായി റദ്ദ് ചെയ്ത് ഉത്തരവാകുന്നു. പരാമർശം (1) ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം പ്രത്യേകം പരിശോധിക്കുന്നതായിരിക്കും

പരാമർശം (1) ഉത്തരവ് പ്രകാരം ജീവനക്കാരെ വിടുതൽ ചെയ്യാൻ പാടില്ലാത്തതാകുന്നു.

**ട്രെയിനിംഗ് ഡയറക്ടർ**

സ്വീകർത്താവ്:-

ഉദ്യോഗസ്ഥർക്ക്

പകർപ്പ്:- പ്രിൻസിപ്പാൾ, ഐ.ടി.ഐ. (വനിത) മലമ്പുഴ/മലമ്പുഴ/ചന്ദനത്തോപ്പ്/ ചെങ്ങന്നൂർ/ആറ്റിങ്ങൽ/ധനുവച്ചപുരം/അരീക്കോട്/ചെന്നീർക്കര/ ഏറിയാട്/ദേശമംഗലം/ തേവലക്കര/പെരുവ/കുഴൽമന്ദം
വകുപ്പ് വെബ്സൈറ്റ്

ആർ/Jan. 30, 15